ISC's Ultrashine Excel Sheet launched in Kerala

# ഐഎസ്‌സിയുടെ അൾട്രാഷൈൻ എക്സ്എൽ ഷീറ്റ് കേരള വിപണിയിൽ

കൊച്ചി: രുചി ഗ്രൂപ്പിന്റെയും ജപ്പാനിലെ മിത്സുയി കമ്പനിയുടെയും സംയുക്ത സംരംഭമായ ഇന്ത്യൻ സ്റ്റീൽ കോർപറേഷൻ ലിമിറ്റഡ് (ഐഎസ്‌സി) പുതിയ അൾട്രാഷൈൻ എക്സ്എൽ ഷീറ്റ് കേരളവിപണിയിൽ അവതരിപ്പിച്ചു.

നാലിഞ്ച് വീതിയിൽ കളർ കോട്ടിംഗ് ഉള്ള ഇന്ത്യയിലെ ആദ്യത്തെ അൾട്രാകോട്ട് ഷീറ്റാണിത്. ഏറ്റവും നൂതനമായ ഉത്പന്നങ്ങളിലൂടെയാണ് ഐഎസ്‌സി ഉപഭോക്താക്കളെ സ്വീകരിക്കുന്നതെന്ന് ഐഎസ്‌സി മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് ആർ.കെ. ലോധി പറഞ്ഞു. പരമാവധി വാട്ടർ പ്രൂഫിംഗ് ലഭിക്കത്തക്ക രീതിയിൽ ഓവർലാപ്പിംഗ് കിട്ടത്തക്ക രീതിയിലാണ് ഈ ഷീറ്റിന്റെ നിർമാണം. വിവിധ വർണങ്ങളിൽ ലഭിക്കുന്ന ഷീറ്റുകൾ വിമാനത്താവളങ്ങൾ, സ്റ്റേഡിയം, വ്യവസായ സ്ഥാപനങ്ങൾ, വീടുകൾ തുടങ്ങിയവയ്ക്കെല്ലാം മേൽക്കൂരയായി ഉപയോഗിക്കാമെന്ന് അദ്ദേഹം പറഞ്ഞു.

കമ്പനിക്ക് 400 ഡീലർമാറും 1,400 സബ് ഡീലർമാരും ഇന്ത്യയിലുടനീളമായി 32 സ്റ്റോക് പോയിന്റുമുണ്ട്. സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ജനറൽ മാനേജർ ദീപക് ശർമ, റീജണൽ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് മാനേജർ എസ്. ശ്രീനിവാസറാവു എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.